# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1128** 30.11.2018-ൽ മറുപടിയ്ക്ക്

**ഗൗരീശപട്ടത്ത് ആരംഭിക്കുന്ന ബിവറേജസ് ഔട്ട് ലെറ്റ്**

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | | ഉത്തരം<br>ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തിരുവനന്തപുരം ഗൗരീശപട്ടം അമ്പലത്തിനുസമീപം ബിവറേജസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റ് പുതിയതായി ആരംഭിച്ചിട്ടുണ്ടോ ; | (എ) | പേട്ടയിൽ പ്രവർത്തിച്ചു വന്നിരുന്ന KSBC ഔട്ട് ലെറ്റ് ഗൗരീശപട്ടത്തേയ്ക്ക് മാറ്റി സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | പ്രതിമാസം എത്ര രൂപ വാടകയാണ് പ്രസ്തുത കെട്ടിടത്തിന് നൽകുന്നത് ; | (ബി) | 57,500/- രൂപയാണ് പ്രതിമാസ വാടക. |
| (സി) | പേട്ടയിൽ പ്രവർത്തിച്ചിരുന്ന ഈ ഔട്ട് ലെറ്റ് ഗൗരീശപട്ടം അമ്പലത്തിന് സമീപത്ത് ജനവാസ കേന്ദ്രത്തിൽ മാറ്റി സ്ഥാപിച്ചത് ഏത് സാഹചര്യത്തിലാണ് ; | (സി) യും (ഡി) | പേട്ടയിൽ പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യ കുറവും ശോചനീയാവസ്ഥയും കണക്കിലെടുത്തും ടി കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിന് കോർപ്പറേഷന്റെ ലൈസൻസ് ലഭിക്കാത്ത സാഹചര്യവും കണക്കിലെടുത്തുമാണ് പേട്ടയിൽ പ്രവർത്തിച്ചിരുന്ന ഔട്ട് ലെറ്റ് ഗൗരീശപട്ടത്തേയ്ക്ക് മാറ്റി സ്ഥാപിച്ചത്. |
| (ഡി) | പൊതുജനങ്ങളുടെയും സാമൂഹ്യപ്രവർത്തകരുടെയും പ്രതിഷേധത്തെ മറികടന്ന് ജനവാസകേന്ദ്രത്തിൽ ഈ ഔട്ട് ലെറ്റ് ആരംഭിക്കുവാനുള്ള കാരണമെന്താണ് ; | | |
| (ഇ) | പ്രതിദിനം ഈ ഔട്ട് ലെറ്റിൽ നിന്നും ലഭിക്കുന്ന ശരാശരി വരുമാനം എത്രയാണ്; ഈ ഔട്ട് ലെറ്റ് പേട്ടയിലായിരുന്ന സമയത്ത് ലഭിച്ചിരുന്ന വരുമാനം എത്രയാണ്; | (ഇ) | ഗൗരീശപട്ടത്ത് പ്രതിദിന ശരാശരി വിൽപ്പനതുക 5 ലക്ഷം രൂപയാണ്. പേട്ടയിൽ പ്രവർത്തിച്ചിരുന്നപ്പോൾ പ്രതിദിന വരുമാനം 8 ലക്ഷം രൂപയായിരുന്നു. |
| (എഫ്) | പ്രസ്തുത ഔട്ട് ലെറ്റിന്റെ പ്രവർത്തനം ഗൗരീശപട്ടത്ത് നിന്നും മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | തൽകാലം പരിഗണനയിലില്ല. |

Santhosh

**സെക്ഷൻ ഓഫീസർ**